11|2|22

Dsd... 19|02|22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 623(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.6141/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഫെബ്രുവരി 11

ശ്രീമതി. റീന കെ.,
1/532, അർച്ചന (ഹൗസ്),
അഴിഞ്ഞിലം പോസ്റ്റ്,
മലപ്പുറം – 673 311.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
   ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 25.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 8.3.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.4.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 3.5.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.6.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 2.7.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 14.9.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 7.10.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീമതി. റീന കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി 25.1.2021 ന് വിവരാവകാശ നിയമ പ്രകാരം നൽകിയ

21 ഇനങ്ങൾ അടങ്ങിയ അപേക്ഷയിലെ 21-ാം ഇനത്തിന് നൽകിയ മറുപടി തൃപ്തികരമല്ലെന്നും കമ്മീഷൻ ഇടപ്പെട്ട് ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സത്യസന്ധമായ മറുപടി നൽകണമെന്നുമാണ്.

2. ഹർജിക്കാരി 25.1.2021 ന് കോഴിക്കോട് കളക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയ വിവരാവകാശ അപേക്ഷ ജില്ലാ സാമൂഹ്യ നീതി കാര്യാലയത്തിലേയ്ക്ക് അയച്ചു കൊടുത്തതിനെ തുടർന്ന് ടി അപേക്ഷയിലെ 21 പിരിവുകൾക്കും ജില്ലാ സാമൂഹ്യ നീതി ഓഫീസിലെ സീനിയർ സൂപ്രണ്ട് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടിയിൽ അപ്പലേറ്റ് അതോറിറ്റിയുടെ വിലാസം സാമൂഹ്യ നീതി ഡയറക്ടർ എന്ന് തെറ്റായി നൽകിയതായും അപ്രകാരം ഹർജിക്കാരി നൽകിയ അപ്പീൽ സാമൂഹ്യ നീതി ഡയറക്ടർക്ക് അയച്ചു കൊടുത്തതായും കാണുന്നു. തുടർന്ന് സാമൂഹ്യ നീതി ഡയറക്ടർ പ്രസ്തുത അപേക്ഷ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് കൈമാറിയിട്ടുള്ളതുമാണ്.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോഴിക്കോട് ഫാറൂഖ് കോളേജും കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി ആന്റ് എൻവിയോൺമെന്റും സംയുക്തമായി 2015-ൽ ആരംഭിച്ച പ്രോജക്ടിൽ കരാർ അടിസ്ഥാനത്തിൽ ശ്രീമതി. രാഖി എന്നവരെ നിയമിച്ചിരുന്നുവെന്നും 5/19 വരെ കാലാവധി നീട്ടി നൽകിയത് മൂലം ശ്രീമതി. രാഖി ജോലിയിൽ തുടർന്ന് വന്നിരുന്നുവെന്നും പ്രോജക്ട് കാലാവധി അവസാനിച്ചതിനാൽ ടിയാളെ സേവനത്തിൽ നിന്നും വിടുതൽ ചെയ്തു എന്നും വിടുതൽ ചെയ്ത സമയത്ത് ഏതാനും മാസത്തെ വേതനം ടിയാൾക്ക് ലഭിച്ചിരുന്നില്ലെന്നും ജോലി നഷ്ടപ്പെട്ടത് സംബന്ധിച്ചും വേതനം കിട്ടാത്തത് സംബന്ധിച്ചും ശ്രീമതി. രാഖി കോഴിക്കോട് ജില്ലാ കളക്ടർക്ക് പരാതി നൽകുകയും പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ അന്നത്തെ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ചാർജ് വഹിച്ചിരുന്ന ശ്രീമതി. ഷീബ മുംതാസിനോട് കളക്ടർ നിർദ്ദേശിക്കുകയും ആയതിന്മേൽ ആവശ്യമായ അന്വേഷണം നടത്തി ജില്ലാ സാമൂഹ്യ നീതി ഓഫീസർ ജില്ലാ കളക്ടർക്ക് 10.12.2019 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് ഹർജിക്കാരി ജില്ലാ കളക്ടർക്ക് വിവരാവകാശ നിയമ പ്രകാരം 25.1.2021 ന് നൽകിയ അപേക്ഷ 12.2.2012 ന് ഒന്നാം എതിർകക്ഷി കാര്യാലയത്തിലേക്ക് കൈമാറി കിട്ടിയെന്നും ആയതിന് 8.3.2021 ന് മറുപടി നൽകി എന്നും തുടർന്ന് ടിയാൾ സാമൂഹ്യ നീതി ഡയറക്ടർക്ക് നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളുടെ പകർപ്പും 18.5.2021 ന് ആവശ്യപ്പെടുകയും ആയതിന്

24.5.2021–ന് എതിർകക്ഷി കാര്യാലയത്തിൽ നിന്നും മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്. ശ്രീമതി. റീന വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷയിൽ ടിയാൾ കളക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഷീബാ മുംതാസ് നടത്തിയ അന്വേഷണത്തെ സംബന്ധിച്ച വിവരങ്ങൾ ആയിരുന്നുവെന്നും ഇതു നൽകുന്നത് വിവരാവകാശ നിയമം 8(1)(ഇ) യുടെ ലംഘനമാകയാലാണ് അന്വേഷണ ഉദ്യോഗസ്ഥന്റെ അനുമതിയോടെ വിവരങ്ങൾ നൽകാമെന്നാണ് മറുപടി നൽകിയതെന്നും തുടർന്ന് ശ്രീമതി. റീന അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പിന് നിയമാനുസൃത ഫീസ് അടയ്ക്കുകയും അന്വേഷണ ഉദ്യോഗസ്ഥയായ ശ്രീമതി. ഷീബാ മുംതാസിന്റെ അനുമതി ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ 25.3.2021 ന് അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്. പരാതിക്കാരിയെ ഒരിക്കലും പരിഹസിക്കുന്ന മറുപടി നൽകിയിട്ടില്ലെന്നും കൂടാതെ ടിയാളുടെ നിയമനം ഒരു പ്രോജക്ടിന്റെ ഭാഗമായി ഫാറൂഖ് കോളേജ് നടത്തിയതിനാൽ ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ടിയാളുടെ സേവന വേതന വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒരു ഫയലും ഇല്ലെന്നും അന്വേഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും മാത്രമാണ് ഉള്ളതെന്നും തുടർന്ന് ടി കാര്യാലയത്തിലുള്ള എല്ലാ രേഖകളുടെയും പകർപ്പ് സാമൂഹ്യ നീതി ഡയറക്ടർക്കും ഹർജിക്കാരിയ്ക്കും നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ശ്രീമതി. റീന. കെ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടിയുമായി ബന്ധപ്പെട്ട് അപ്പീൽ ഹർജിക്കാരി ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് പ്രധാനമായും ടിയാൾ നൽകിയ അപേക്ഷയിലെ 21–ാം ഇനത്തിന് നൽകിയ മറുപടിയുമായി ബന്ധപ്പെട്ടാണെന്ന് കാണുന്നു. കൂടാതെ എതിർകക്ഷി നൽകിയ മറുപടി പരിശോധിച്ചതിൽ ഹർജിക്കാരി അപ്പീൽ ഹർജിയിൽ ഉന്നയിക്കുന്നതുപോലെ പുച്ഛിച്ചുകൊണ്ടോ പരിഹസിച്ചു കൊണ്ടോ ഉള്ള മറുപടി എസ്.പി.ഐ.ഒ നൽകിയതായും കാണുന്നില്ല. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് എസ്.പി.ഐ.ഒയുടെ പ്രധാന ചുമതല. അപ്രകാരം ലഭ്യമായ വിവരങ്ങളാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം

സൃഷ്ടിച്ച് നൽകേണ്ടുന്ന കാര്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ ശ്രീമതി. രാഖിയ്ക്ക് ജോലി നഷ്ടപ്പെട്ടതുമായുള്ള പരാതിയിന്മേലും ബാക്കി നിൽപ്പുള്ള സാലറി ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേലും വിവരാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഹർജിക്കാരിക്ക് ഇക്കാര്യത്തിൽ വകുപ്പു മേലധികാരിയ്ക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

5. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കാൻ ഇനിയും ബാക്കിയുള്ളവ, ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ഉറപ്പു നൽകിയതുപോലെ, ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഹർജിക്കാരിക്കോ ടിയാളുടെ പ്രതിനിധിക്കോ ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 11-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

INFORMATION COMMISSION ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk